# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2356 08.07.2015 - ൽ മറുപടിക്ക്

## മാടായി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്

(എ) കല്ല്യാശ്ശേരി നിയമസഭാ മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന മാടായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്രയും വേഗം ഫണ്ട് ലഭ്യമാക്കുന്നതിനും അംഗീകാരം നല്കുന്നതിനും നടപടി സ്വീകരിക്കുമോ ?

**മറുപടി**

പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) & (ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം നടപ്പിലാക്കിയ കുടിവെള്ള പദ്ധതി വഴി ജലവിതരണം നടത്തി വരുന്നു. ഈ പദ്ധതിക്ക് ആവശ്യമായ ജലം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ (പട്ടുവം) നിന്നുമാണ് ലഭ്യമാക്കുന്നത്. ഈ പദ്ധതി കൂടാതെ താഴെ പറയുന്ന 4 ഗ്രാമീണ കുടിവെള്ള പദ്ധതികൾ കൂടി നടപ്പിലാക്കി വരുന്നു.

1. വെങ്ങര മൂലക്കടവ് ഗ്രാമീണ കുടിവെള്ള പദ്ധതി.
2. മാടായിപ്പാറ ഗ്രാമീണ കുടിവെള്ള പദ്ധതി.
3. മാടായി എഫ്.എം.സി. ഗ്രാമീണ ശുദ്ധജലപദ്ധതി.
4. കടപ്പുറം ചാൽ ചൂട്ടാട്ട് ഗ്രാമീണ കുടിവെള്ള പദ്ധതി.

മേൽപ്പറഞ്ഞ നാല് പദ്ധതികളിലൂടെ ആകെ 161 പൊതു ടാപ്പുകൾ വഴിയും 468 ഗാർഹിക കണക്ഷൻ വഴിയും ജലവിതരണം നടത്തി വരുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ വഴി മാടായി ഗ്രാമപഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ജലവിതരണം നടത്തുന്നതിന് 510 ലക്ഷം

രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. പദ്ധതിക്കാവശ്യമായ ടാങ്ക് പണിയുന്നതിനു വേണ്ടിയുള്ള 5 സെന്റ് സ്ഥലം മാടായി ഗവൺമെന്റ് ഐ.ടി.ഐ.യുടെ അധീനതയിൽ നിന്നും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനനുസൃതമായി മാത്രമേ ഫണ്ട് അനുവദിക്കുന്നത്, അംഗീകാരം നൽകുന്നത് തുടങ്ങിയ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ